## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1792 | 5.12.2014-ൽ മറുപടിക്ക്

### വേങ്ങൂർ ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് സ്ഥലം അനുവദിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ഡോ: എം.കെ. മുനീർ (പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) എൻ.സി.വി.റ്റി. അംഗീകാരം ലഭിക്കുന്നതിന് പര്യാപ്തമായ ഭൗതിക സാഹചര്യം ഒരുക്കേണ്ടതിനാൽ, പഞ്ചായത്ത് വക സ്ഥലം കൈമാറാൻ സർക്കാർ അംഗീകാരം നൽകുമോ;വിശദവിവരം ലഭ്യമാക്കുമോ? | (എ) & (ബി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിൽ ഗവൺമെന്റ് ഐ.ടി.ഐക്ക് സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ 47581/ആർ.സി.4/2014/തസ്വഭവ തീയതി 23.7.2014 മേലെഴുത്ത് പ്രകാരം ഐ.ടി.ഐ.ക്ക് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം 11 ഇന പരിപാടിയിൽ ഉൾപ്പെടുത്തി കളിസ്ഥലമായി ഉപയോഗിക്കാൻ വേണ്ടി വാങ്ങിയ ഭൂമി ആയതിനാൽ കളിസ്ഥലത്തിന് പകരം സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ചും പതിനൊന്നിന പരിപാടി പ്രകാരം പഞ്ചായത്ത് ആർജ്ജിച്ച ഭൂമി കൈയൊഴിയാൻ പറ്റുമോ എന്നുമുള്ള വിവരങ്ങൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് തിരികെ നൽകിയിട്ടുണ്ട്. സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ